പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4972

21.10.2011 ൽ മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റിയിലേക്ക് വൻകിട കമ്പനികളെ ആകർഷിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ് ;<br>ശ്രീ. പി.സി. വിഷ്ണുനാഥ്;<br>ശ്രീ. അൻവർ സാദത്ത് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
| എ) നിർമ്മാണം ഉദ്ഘാടനം ചെയ്യപ്പെട്ട സ്മാർട്ട് സിറ്റി പദ്ധതി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | എ) സ്മാർട്ട്സിറ്റി പദ്ധതിയുടെ വിശദമായ മാസ്റ്റർപ്ലാൻ 3 മാസത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്. ഒന്നാംഘട്ട നിർമ്മാണം 2013 മദ്ധ്യത്തോടുകൂടി പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) സ്മാർട്ട്സിറ്റി പദ്ധതി പൂർത്തിയാകുമ്പോൾ എത്ര തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | ബി) സ്മാർട്ട്സിറ്റി പദ്ധതി പൂർത്തിയാകുമ്പോൾ 90,000 ഐ.ടി. തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ നേരിട്ടല്ലാതെ പലമടങ്ങ് തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു. |
| സി) ലോകത്തെ വൻകിട കമ്പനികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br>ഡി) ഇതിനായി ഒരു റോഡ് ഷോ നടത്തുന്ന കാര്യം പരിഗണിക്കുമോ ? | (സി) യും (ഡി) യും രാജ്യത്തിനകത്തും പുറത്തുമുള്ള പല ഐ.ടി. എക്സിബിഷനുകളിൽ ഭാഗഭാക്കാകുകയും വിവിധ സ്ഥലങ്ങളിൽ റോഡു ഷോകൾ നടത്തുകയും ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സ്മാർട്ട്സിറ്റി കൊച്ചി GITEX. CEBIT എന്നീ അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ